# പോളിഫോണി
# ആക്ടിവിസ്റ്റ്, ആർട്ടിസ്റ്റ്



ജീവിതയാത്ര എന്നൊക്കെ നാം ആലങ്കാരികമായി പറയാറില്ലേ?പോളിവർഗീസ് എന്ന സംഗീതകാരന്റെ കാര്യത്തിൽ ജീവിതം അക്ഷരാർത്ഥത്തിൽ തന്നെ ഒരുയാത്രയാകുന്നു. യാദൃച്ഛികതയിൽ നിന്നും യാദൃച്ഛികതയിലേക്കുള്ള ഈ യാത്രയുടെ തുടക്കം കേരളകലാമണ്ഡലത്തിലെ മൃദംഗ പഠനത്തിൽ ആരംഭിക്കുന്നു. പിന്നെ കുറച്ചുകാലം തിരുവനന്തപുരം സംഗീതകോളേജിലെ വയലിൻ പഠനം. തുടർന്ന് ശാന്തിനികേതനിൽ ഹിന്ദുസ്ഥാനി സംഗീതം.അവിടെ വെച്ച് മോഹനവീണയിൽ മോഹിതനായി വിഖ്യാത സംഗീതകാരൻ വിശ്വമോഹൻഭട്ടിന്റെ ശിഷ്യനാകാൻ അവസരം.ദക്ഷിണേന്ത്യയിൽ മോഹനവീണയുടെ പ്രചാരകനാവാൻ വിശ്വമോഹൻഭട്ട് പോളിവർഗീസിനെ കണ്ടു.ആ ദൗത്യത്തിനിടയിലും ഗിത്താറിൽ ചില പുതിയ താൽപര്യങ്ങൾ; പരീക്ഷണങ്ങൾ. ഇതിനിടയിൽ സംഗീതം വിടാതെതന്നെ അഭിനയ രംഗത്ത് , ഇനി എന്ത് ഏത് എന്ന് പറയാനാകില്ലെങ്കിലും ഇപ്പോൾ ഇവിടെ ചെന്നൈയിൽ.

**ഇന്നത്തെ മലയാള സിനിമയെ കുറിച്ച് ?**

ഇന്നത്തെ മലയാള സിനിമ നമ്മുടെ ജീവിതത്തിൽ നിന്നും വളരെ അകന്നുപോകുന്നു.പുതിയ ചിന്തകളും കാഴ്ചപ്പാടുകളും സംവിധായകൻ സൃഷ്ടിക്കണം.താരരാജാക്കന്മാരുടെ ഈഗോയെ തൃപ്തിപ്പെടുത്താൻ വേണ്ടി മാത്രമായിരിക്കരുത് സിനിമ. ഒരേകഥതന്നെ തിരിച്ചും മറിച്ചും സിനിമയാക്കുക എന്നതാണ് ഇന്നത്തെ രീതി. പുതുമയില്ലെങ്കിൽ കലാസൃഷ്ടിക്ക് നിലനില്പില്ല.പഴയ നല്ല സിനിമകളും സംഗീതവും ഇന്നും നിലനിൽക്കാൻ കാരണം ആ പുതുമയാണ്. ലണ്ടൻ ഫിലിം മ്യൂസിയത്തിൽ ഇന്ത്യയിൽ നിന്നും ആകെ പഥേർ പാഞ്ചാലിയും അഗ്രഹാരത്തിലെ കഴുതയും മാത്രമേ ഉള്ളൂ എന്നതും പിൽക്കാലത്ത് സിനിമക്ക് സംഭവിച്ച മാറ്റത്തിന് തെളിവാണ്.

**തിലകൻ പ്രശ്നത്തിൽ പോളിയുടെ വ്യക്തിപരമായ അഭിപ്രായം?**

തിലകനെപോലെ ഒരുനടനെ ആർക്കും ഒന്നും ചെയ്യാൻ സാധിക്കില്ല. മലയാളസിനിമയിൽ അപ്രഖ്യാപിത അടിയന്തരാവസ്ഥയാണ് നിലവിലുള്ളത്. അതുകൊണ്ട് എതിർപ്പിന്റെ ശബ്ദങ്ങളൊന്നും പുറംലോകമറിയില്ല.തിലകന്റെ വേറിട്ടശബ്ദം ഇവർക്കൊരുവെല്ലുവിളിയായി. അതാണ് അടിച്ചമർത്താൻ നോക്കുന്നത്.

**മലയാളത്തിൽ രണ്ട് ചിത്രങ്ങൾക്ക് പോളി സംഗീത സംവിധാനം നിർവഹിച്ചിട്ടുണ്ട് അല്ലേ?**

അതെ. കാളവർക്കി,ജീവൻമശായ് എന്നീചിത്രങ്ങൾക്ക്. ചിത്രങ്ങൾ വിജയമല്ലാത്തതുകൊണ്ട് എന്റെ പേരും പുറത്തുവന്നില്ല.ഞാൻ കുറെക്കാലം ദേവരാജൻ മാസ്റ്ററുടെ കൂടെ അസിസ്റ്റന്റായി ഉണ്ടായിരുന്നു. ഇന്നുള്ളവരിൽ നിന്നും വളരെ വ്യത്യസ്തമായ രീതിയാണ് മാസ്റ്ററുടേത്. സംഗീതസംവിധാനരംഗത്ത് അദ്ദേഹം ഒരു മാസ്റ്റർ തന്നെയാണ്.പിന്നെ നമ്മുടെ മുൻകാല സംഗീതസംവിധായകർക്കും എഴുത്തുകാർക്കും എല്ലാം ശക്തമായരാഷ്ട്രീയലക്ഷ്യം ഉണ്ടായിരുന്നു.ദേവരാജൻമാസ്റ്റർ , രാഘവൻമാസ്റ്റർ , ബാബുരാജ്, ഭാസ്ക്കരൻ മാസ്റ്റർ , വയലാർ തുടങ്ങിയവർക്കെല്ലാം മതനിരപേക്ഷമായ നിരീക്ഷണമുണ്ടായിരുന്നു.അത് ജനങ്ങളുടെ നന്മയുമായി ബന്ധപ്പെട്ട സാമൂഹികമായ ഉത്തരവാദിത്വം കൊണ്ടായിരുന്നു. അതുമാത്രമല്ല ശാസ്ത്രീയസംഗീതത്തിൽ നല്ല പാണ്ഡിത്യവും ഉണ്ടായിരുന്നു. പക്ഷെ ഇന്ന് എത്ര സംഗീതസംവിധായകർക്ക് ശാസ്ത്രീയസംഗീതത്തിൽ പാണ്ഡിത്യമുണ്ട്?

**വിദ്യാഭ്യാസവും മറ്റും?**

പത്താം ക്ലാസ് കഴിഞ്ഞതും ഞാൻ കലാമണ്ഡലത്തിൽ ചേർന്നു.മൃദംഗം പഠിച്ചു.കൂട്ടത്തിൽ സംസ്കൃതവും.ഒരുസത്യക്രിസ്ത്യാനിയായ ഞാൻ കലാമണ്ഡലത്തിൽ ചേർന്നത് അന്നൊരുവാർത്തയായിരുന്നു.അതുകൊണ്ട് കുടുംബത്തിൽ നിന്ന് വലിയ സപ്പോർട്ട് ഒന്നും ഉണ്ടായിരുന്നില്ല.സംഗീതം എനിക്ക് സന്തോഷം തരുന്നതായതുകൊണ്ട് അത് പഠിക്കാൻ വേണ്ടി മറ്റുബുദ്ധിമുട്ടുകൾ പ്രശ്നമാക്കിയില്ല .കൂടാതെ കലാമണ്ഡലത്തിൽനിന്നും സ്റ്റൈപെന്റ് ലഭിച്ചിരുന്നത് വലിയ ആശ്വാസമായിരുന്നു.

**കാളവർക്കി,ജീവൻമശായ് എന്നീചിത്രങ്ങൾക്ക് സംഗീത സ ംവിധാനം നിർവ്വഹിച്ച പോളി ഫോണി പിന്നീട് എവിടെയായിരുന്നു? വേറിട്ട ആ ജീവിതയാത്രയിലൂടെ**

**ഇത്രചെറുപ്പത്തിലേ വീട്ടിൽ നിന്നും അകന്നുനിൽക്കാനുണ്ടായ കാരണം?**

പൊരുത്തക്കേട് എന്ന് ഒറ്റവാക്കിൽ പറയാം. പള്ളിക്കെതിരായ സമരത്തിലൊക്കെ ഞാൻ മുന്നിലുണ്ടാകും. വിശ്വാസികളായ വീട്ടുകാർക്ക് എന്റെ സ്വഭാവം ഇഷ്ടപ്പെടാതെ പോകാൻ ഇതുതന്നെ ധാരാളമായിരുന്നു. സ്വാതന്ത്ര്യം വീട്ടിനുപുറത്താണെന്ന് തോന്നിയപ്പോൾ ഞാൻ വീട്ടിൽനിന്നും പുറത്തുവന്നു.പിന്നീട് ഞാനൊരിക്കലും ഒന്നിനും വീട്ടുകാരെ ആശ്രയിച്ചിട്ടില്ല.

**എങ്ങനെ ജീവിച്ചു?**

കലാമണ്ഡലത്തിലായിരുന്നപ്പോൾ അവിടുന്നുകിട്ടുന്നസ്റ്റൈപെന്റും പിന്നെ ചെറിയ പരിപാടികൾ വല്ലതും കിട്ടും. കൂലിപ്പണിചെയ്യാൻ പോലും ഞാൻ മടിച്ചിട്ടില്ല. കലാമണ്ഡലത്തിൽനിന്നും വിട്ട് കുറച്ചുകാലം തിരുവനന്തപുരത്ത് സംഗീതകോളേജിൽ വയലിൻ പഠിച്ചു. ഏറ്റവും ബുദ്ധിമുട്ടിയകാലം അതായിരുന്നു. ഭക്ഷണത്തിന് കല്യാണമണ്ഡപങ്ങളായിരുന്നു ആശ്രയം.

**സംഗീതകോളേജിൽ എത്രവർഷം പഠിച്ചു.? പഠനം തുടരാതിരുന്നത്?**

ഏകദേശം ഒന്നരവർഷം ഞാൻ അവിടെ പഠിച്ചു. പക്ഷെ അവിടത്തെ രീതികളുമായി പൊരുത്തപ്പെടാൻ എനിക്ക് കഴിഞ്ഞില്ല. ഉപാസനയായി സംഗീതം അഭ്യസിക്കുന്നവർ അവിടെ കുറവാണ്.മികച്ച സംഗീതജ്ഞനാകുക എന്നതിലുപരി സിനിമയിൽ പാടി പേരെടുക്കുക എന്ന ലക്ഷ്യത്തോടെ സംഗീതം പഠിക്കുന്നവരാണധികവും. പിന്നെ കർണാടക സംഗീതം ഒരു വരേണ്യ വർഗ സംഗീതമാണ്.അതിലെഗുരുക്കൻമാരെല്ലാം വരേണ്യവർഗത്തിൽ പെട്ടവരാണ്.നെയ്യാറ്റിൻകര വാസുദേവനെപ്പോലെ അപൂർവം ചിലർ മാത്രമാണ് ഇതിനപവാദം.മറ്റ് ജാതിയിലോ മതത്തിലോ പെട്ടവർക്ക് കഴിവ് കുറഞ്ഞുപോകുന്നതല്ല ഇതിന് കാരണം. കഴിവുകൾക്ക് അംഗീകാരം ലഭിക്കാത്തതാണ്.എന്നാൽ ഹിന്ദുസ്ഥാനി സംഗീതത്തിൽ നില വ്യത്യസ്തമാണ്. അവിടെ പ്രഗത്ഭരായ പാട്ടുകാരിൽ പലരും മുസ്ലീം ആണ്. അവിടെ സംഗീതത്തിന് ജാതിമത വ്യത്യാസങ്ങളില്ല. ഭീംസെൻജോഷിയും,ബഡേഗുലാം അലിഖാനും രവിശങ്കറും എല്ലാം പാട്ടുകാർ മാത്രം. എന്നാൽ ഈ ഒരുതുറന്ന വീക്ഷണം കർണാടക സംഗീതത്തിലില്ല. വട





കലയും സംഗീതവും ഇടകലർന്ന് മനോഹരമായൊരുജീവിതരീതിയാണവരുടേത്. ആരും പാര പണിയില്ല. ആരെങ്കിലും പിന്നിൽനിന്നും കുത്തിയിട്ടുണ്ടെങ്കിൽ അത് മലയാളിയാകാനേ വഴിയുള്ളൂ

ക്കേ ഇന്ത്യയിൽ പോയി സംഗീതം പഠിക്കാൻ എന്നെ പ്രേരിപ്പിച്ച ഘടകവും ഇതുതന്നെ.

**ശാന്തിനികേതനിൽ പോകാൻ തീരുമാനിച്ചത് എപ്പോഴായിരുന്നു?**

ശാന്തിനികേതനിലെ പഠന സമ്പ്രദായത്തെ കുറിച്ച് ഞാൻ ധാരാളം കേട്ടിരുന്നു. എന്റെ ജ്യേഷ്ഠന്റെ ഒരുസുഹൃത്തിന്റെ കളക്ഷനിൽ നിന്നും കിട്ടിയ രബീന്ദ്രസംഗീതത്തിന്റെ റെക്കാർഡുകളാണ് ബംഗാളി സംഗീതത്തിലേക്ക് എന്നെ കൂടുതൽ അടുപ്പിച്ചത്. പിന്നെ കലാമണ്ഡലത്തിൽ വെച്ച് ശാന്തിനികേതനെ കുറിച്ച് കൂടുതൽ അറിയാനും കഴിഞ്ഞു.

**കൽക്കട്ടയിലെ ജീവിതം കേരളത്തിന്റേതിൽ നിന്നും വ്യത്യസ്തമാകുന്നത് എങ്ങനെയാണ്?**

ശാന്തിനികേതനിൽ ഞാൻ പഠിച്ചത് ഗിത്താർ ആയിരുന്നു. എന്നാൽ രബീന്ദ്ര സംഗീതം, ബവുൽസംഗീതം എന്നിവയുമടുത്തറിയാൻ കഴിഞ്ഞു. കൂടാതെ പ്രസിദ്ധരായ ഒട്ടേറെ കലാകാരന്മാരെ കാണാനും പരിചയപ്പെടാനും കഴിഞ്ഞു. പിന്നെ ബംഗാളികളുടെ ജീവിതം സംഗീത സാന്ദ്രമാണ്. രബീന്ദ്ര സംഗീതം അവരുടെ സിരയിലലിഞ്ഞ ഒന്നാണ്. ഇവിടത്തെപോലെ സ്യൂഡോ മൊറാലിറ്റി അവിടെയില്ല.ബംഗാളി സ്ത്രീകൾ ഹൈലി റൊമാന്റിക് ആണ് .കലയുംസംഗീതവുംഇടകലർന്ന്മനോഹരമായൊരുജീവിതരീതിയാണവരുടേത്. ആരും പാര പണിയില്ല.ആരെങ്കിലും പിന്നിൽനിന്നും കുത്തിയിട്ടുണ്ടെങ്കിൽ അത് മലയാളിയാകാനേ വഴിയുള്ളൂ.



**വിശ്വമോഹൻഭട്ടിനെ പരിചയപ്പെടുന്നത്?**

ശാന്തിനികേതനിൽ വെച്ചായിരുന്നു അദ്ദേഹത്തെ ആദ്യമായി കാണുന്നത്. ഒരുഅവാർഡ് ഫംഗ്ഷനിൽ പങ്കെടുക്കാനോ മറ്റോ ആയിരുന്നു അദ്ദേഹം ശാന്തിനികേതനിലെത്തിയത്. . ഗിറ്റാറിലെ എന്റെ ചില പരീക്ഷണങ്ങൾ അദ്ദേഹത്തിനുമുന്നിൽ അവതരിപ്പിക്കണമെന്ന് എനിക്കാഗ്രഹമുണ്ടായിരുന്നു. തിരക്കിലായിരുന്നുവെങ്കിലും അദ്ദേഹംഎനിക്കായിഅരമണിക്കൂർനീക്കിവെച്ചു.എന്റെപെർഫോമൻസ് അദ്ദേഹം നന്നായി ആസ്വദിച്ചു. എന്നെ ജയ്പൂരിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഒരുമാസത്തെ മൂസിക്കൽ ട്രിപ്പിന്റെ ഭാഗമായി കൊൽക്കത്തയിലെത്തിയതായിരുന്നു അദ്ദേഹം. ഒരുമാസത്തിനുശേഷം തിരിച്ച് ജയ്പൂരിലെത്തുമെന്നും അപ്പോൾ തീർച്ചയായും വരണമെന്നും അദ്ദേഹം പറഞ്ഞു. അങ്ങനെയാണ് ഞാൻ വിശ്വമോഹൻ ഭട്ടിന്റെ ശിഷ്യനാകുന്നത്.

**ഗിറ്റാർ തികച്ചും ഒരുപടിഞ്ഞാറൻ സംഗീതോപകരണമാണല്ലോ. ഇന്ത്യൻ സംഗീതം ഇതിൽ വഴങ്ങുമോ?**

ഉപകരണമല്ല. അത് പ്രയോക്താവാണ് അത് തീരുമാനിക്കേണ്ടത്.എന്നെ സംബന്ധിച്ചിടത്തോളം തുടക്കം മുതലേ ഗിറ്റാറിൽ ഞാൻ ഗമഗം ആണ് വായിച്ചുകൊണ്ടിരു

ന്നത്. വാസ്തവത്തിൽ എല്ലാവരേയും പോലെ ഞാനും വെസ്റ്റേൺ നോട്ടുകളാണ് ആദ്യം വായിച്ചുതുടങ്ങിയത്. പക്ഷെ അതെനിക്കൊട്ടും വഴങ്ങിയില്ല. എന്നാൽ ഹിന്ദുസ്ഥാനിയും കർണാടക സംഗീതവും എളുപ്പം വശമാവുകയും ചെയ്തു. പടിഞ്ഞാറൻ സംഗീതരീതികൾക്കനുസരിച്ച് ചിട്ടപ്പെടുത്തിയിട്ടുള്ള ഗിറ്റാറിന്റെ തന്ത്രികളിൽ ഗമഗം വായിക്കുന്നത് കണ്ടപ്പോൾ ഗുരുനാഥൻ അത്ഭുതപ്പെട്ടു. അങ്ങനെയാണ് കൂടുതൽ പഠിക്കാനായി ജയ്പൂരിലേക്ക് ക്ഷണിച്ചത്.

**ഗിറ്റാറിലെ ഈ പുതിയ പരീക്ഷണത്തിന് പ്രേരിപ്പിച്ച ഘടകം എന്തായിരുന്നു?**

എന്റേത് പരീക്ഷണം എന്നൊന്നും പറയാൻ പറ്റില്ല. തുടക്കത്തിൽ ഞാനും ഗിറ്റാറിൽ പടിഞ്ഞാറൻ സംഗീതം തന്നെയാണ് അഭ്യസിച്ചുതുടങ്ങിയത്.പക്ഷെ എനിക്ക് അത് തീരെ വഴങ്ങിയില്ല. പക്ഷെ ഗമഗം ആരുടേയും സഹായമില്ലാതെ തന്നെ എനിക്ക് വായിക്കുവാൻ കഴിഞ്ഞു. ഇന്ത്യൻ ക്ലാസിക്കൽ സംഗീതം ഗിറ്റാറിൽ വായിക്കുക ബുദ്ധിമുട്ടാണ്. പക്ഷേ എനിക്കത് എളുപ്പത്തിൽ കഴിഞ്ഞു. വാസ്തവത്തിൽ ഇതെല്ലാം വ്യക്തിപരമാണ്. ഇന്ത്യൻ സാസ്ത്രീയ സംഗീതം എന്നെ ശക്തമായി സ്വാധീനിച്ചിട്ടുണ്ട്. കർണാടക സംഗീതം,ഹിന്ദുസ്ഥാനി, ബവുൽ, രബീന്ദ്ര സംഗീതം, നമ്മുടെ നാടോടി പാട്ടുകൾ ഇതിൽ നിന്നെല്ലാം ഉരുത്തിരിഞ്ഞുവന്ന ഒരുസംഗീതസംസ്കാരമാണ് നമുക്കുള്ളത്. അതിനെ പാടെ നിരാകരിച്ചുകൊണ്ട് എനിക്ക് തീരെ പരിചിതമല്ലാത്ത പടിഞ്ഞാറൻ സംഗീതത്തിന്റെ പിറകെ പോകണം എന്നെനിക്ക് തോന്നിയില്ല. മറിച്ച് ഗിറ്റാറിനെ എന്റെ രീതിയിലേക്ക് കൊണ്ടുവരാനൊരുശ്രമം നടത്തി. ഗിറ്റാർ ഒരുസംഗീതോപകരണം അതിന് മൂളയില്ല. അത് പ്രയോഗിക്കുന്ന മനുഷ്യന് അവന്റെ ബുദ്ധി ഉപയോഗിച്ച് അതിനെ പ്രവർത്തിപ്പിക്കുന്നു. അതാണ് ഞാൻ ചെയ്യുന്നത്.

**മോഹനവീണ അഭ്യസിച്ചു തുടങ്ങിയതെപ്പോഴായിരുന്നു?**

ഏകദേശം മൂന്നുവർഷം മുമ്പ് മോഹനവീണ കയ്യിൽ തന്ന് അഭ്യസിച്ചുതുടങ്ങാൻ പറഞ്ഞത് ഗുരുജിയായിരുന്നു. പത്തുദിവസം കൊണ്ടുതന്നെ സാമാന്യം ഭംഗിയായി വായിക്കാൻ ഞാൻ പഠിച്ചു. തെന്നിന്ത്യയിൽ മോഹനവീണ അത്ര പ്രചാരമില്ലാത്തതിനാൽ അവിടെ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുവാൻ അദ്ദേഹം ഉപദേശിക്കുകയും ചെയ്തു.


**വിശ്വമോഹൻ ഭട്ട് എന്ന ഗുരുനാഥനെ പറ്റി?**

അദ്ദേഹം മനുഷ്യരിൽ വിശ്വസിക്കുന്നു. ഗുരുനാഥൻ എന്ന നിലയിൽ നോക്കുകയാണെങ്കിൽ എന്നെ ശിഷ്യൻ എന്നതിലുപരി ഒരുമകനായിട്ടുതന്നെയാണ് അദ്ദേഹം പരിഗണിച്ചിരുന്നത്.കച്ചേരികൾക്കൊക്കെ ഒരുമിച്ചുപോകുമ്പോൾ ഭക്ഷണസമയത്ത് ഞാൻ വൈകിവരികയാണെങ്കിൽ എനിക്കായി ഒരുപങ്ക് അദ്ദേഹം എന്നും കരുതിവെക്കും.

**അദ്ദേഹവുമായി ബന്ധപ്പെട്ട് മറക്കാൻ കഴിയാത്ത എന്തെങ്കിലും സംഭവങ്ങൾ?**

ഒന്നല്ല ഒരായിരം സംഭവങ്ങളുണ്ട്. കേരളത്തിൽ ഒരുകച്ചേരിക്ക് ക്ഷണം ലഭിച്ചപ്പോൾ അദ്ദേഹം കൂട്ടത്തിൽ എന്നേയും കൂട്ടി. പരിപാടിയോടനുബന്ധിച്ച് കൊച്ചിയിൽ നടന്ന പത്രസമ്മേളനത്തിൽ അദ്ദേഹം എന്നെ ശിഷ്യനായി പരിചയപ്പെടുത്തി."പോളി വർഗീസ്, നിങ്ങളുടെ നാട്ടുകാരനാണ്. എനിക്ക് സ്വന്തം മകനെപ്പോലെ പ്രിയപ്പെട്ടവൻ, എന്റെ ശിഷ്യൻ" എന്നുപറഞ്ഞ് സ്റ്റേജിൽ വെച്ച് അദ്ദേഹം എന്നെ സദസ്സിന് പരിചയപ്പെടുത്തി. ഞാൻ കരഞ്ഞുപോയ സന്ദർഭമായിരുന്നു അത്. അതൊരിക്കലും എനിക്ക് മറക്കാൻ പറ്റില്ല.

**മറ്റ് ജാതിയിലോ മതത്തിലോ പെട്ടവർക്ക് കഴിവ് കുറഞ്ഞുപോകുന്നതല്ല ഇതിന് കാരണം. കഴിവുകൾക്ക് അംഗീകാരം ലഭിക്കാത്തതാണ്**



**ശാന്തിനികേതനത്തിലെ പഠനത്തെപറ്റി?**

15 വർഷത്തോളം ഞാൻ കൽക്കട്ടയിൽ ഉണ്ടായിരുന്നു. അത്രയും കാലം എന്റെ പഠനവും ജീവിതവും എല്ലാം വിശ്വഭാരതിയുമായി ബന്ധപ്പെട്ടുകിടന്നു. എന്റെ സംഗീതജീവിതത്തെ രൂപപ്പെടുത്തിയത് കൽക്കട്ടയാണ്. പതിനെട്ടോളം വാദ്യോപകരണങ്ങൾ സാമാന്യം നന്നായി കൈകാര്യം ചെയ്യാനെനിക്കാവും ഇപ്പോൾ. പണ്ഡിറ്റ് വിശ്വമോഹൻ ഭട്ടിന്റെ ശിക്ഷണത്തിലാണ് ഞാനിതെല്ലാം പഠിച്ചത്. അദ്ദേഹത്തെ പരിചയപ്പെടുന്നതും അവിടെവെച്ചുതന്നെ. കൂടാതെ നാടകം , ബവുൽ സംഗീതം എന്റെ ജീവിതത്തിൽ ഞാനെന്തെങ്കിലും നേടിയിട്ടുണ്ടെങ്കിൽ അത് ശാന്തിനികേതനത്തിലെ പഠനത്തിലൂടെയാണ്.

**ഓൺലൈനിൽ മാത്രമേ കച്ചേരികൾ നടത്താറുള്ളൂ?**

ഇപ്പോൾ ഇന്ത്യയിലും വിദേശത്തുമായി ധാരാളം കച്ചേരികൾ നടത്താറുണ്ട്. മധുര, ബാംഗ്ളൂർ,ഹൈദരാബാദ് ,ചെന്നൈ തുടങ്ങി ഒട്ടേറെ സ്ഥലങ്ങളിൽ ഞാൻ കച്ചേരികൾ നടത്താറുണ്ട്.ഈ അടുത്തയിടെ ദുബായിൽ ഒരുകച്ചേരി ഉണ്ടായിരുന്നു. ഏത് സ്ഥലത്തായാലും അവിടത്തെ



ഗുരുജി വിശ്വമോഹൻ ഭട്ട്

പ്രാദേശികസംഗീതവുമായി മിക്സ് ചെയ്ത് അവതരിപ്പിക്കുന്നത് എന്റെ ഒരുരീതിയാണ്. ഗിറ്റാറായാലും മോഹന വീണയായാലും വായ്പാട്ടായാലും ഈ ഒരുരീതിയിൽ അവതരിപ്പിച്ചാൽ ശ്രോതാക്കൾ ആസ്വദിക്കും എന്നതാണ് എന്റെ അനുഭവം. ഇപ്പോൾ മധുരയിലെല്ലാം കച്ചേരി നടത്തുമ്പോൾ അവിടത്തെ ഫോക്‌ലോറുമായി ഇടകലർത്തി കച്ചേരി നടത്തുമ്പോൾ ഭയങ്കര കയ്യടിയായിരിക്കും.

**സംഗീതം കൂടാതെ മറ്റ് പ്രവർത്തനങ്ങൾ?**

സിനിമകൾ ചെയ്യുന്നുണ്ട്. ഈറം എന്ന ചിത്രത്തിൽ ആത്മാക്കളുമായി സംസാരിക്കുന്ന ഒരു 'മീഡിയ' ത്തിന്റെ റോൾ ചെയ്തു. ഇപ്പോൾ തെലുങ്കിൽ ജൂനിയർ എൻടിആറിനൊപ്പം വില്ലൻ വേഷത്തിൽ അഭിനയിക്കുന്നു. തമിഴിൽ വസന്ത് ബാലന്റെ പുതിയ ചിത്രത്തിലേക്ക് ഒരുഓഫർ വന്നിട്ടുണ്ട്. വേറേയും ഒന്നുരണ്ട് ചിത്രങ്ങളിലേക്കുകൂടിയുള്ള ഓഫറുകൾ ഉണ്ട്. കൂടാതെ ഞാനിപ്പോൾ ഡിവോഷണൽ ആൽബം ചെയ്യുന്നുണ്ട്. ശാന്തി മന്ത്രം പോലെയുള്ള ഒരു മ്യൂസിക് ആൽബം. മലയാളത്തിൽ ഞാൻ രണ്ട് സിനിമക്ക് വേണ്ടി സംഗീതം ചെയ്തിട്ടുണ്ട്. ജീവൻ മശായ്, കാളവർക്കി. ജീവൻ മശായിലേക്ക് ബംഗാളി സംഗീതം വേണമെന്ന് പറഞ്ഞ് സംവിധായകൻ ഗോപകുമാർ തന്നെയാണ് എന്നെ വിളിച്ചത്. കാളവർക്കി എന്ന ചിത്രത്തിന്റെ പ്രവർത്തകർക്ക് എന്നെ പരിചയപ്പെടുത്തുന്നത് മരിച്ചുപോയ മോനിലാൽആയിരുന്നു. പക്ഷെ രണ്ടും ശ്രദ്ധിക്കപ്പെട്ടില്ല. അതോടെ പക്ഷെ എന്റെ ജീവിതഗതിതന്നെ മാറി.

തമിഴിൽ തെരുക്കൂത്ത് എന്നൊരുചിത്രത്തിനുവേണ്ടി സംഗീതസംവിധാനം ചെയ്തിട്ടുണ്ട്. To the nest (കൂട്ടിലേക്ക്) എന്ന ഹ്രസ്വ ചിത്രത്തിലെ സംഗീതസംവിധാനത്തിന് മികച്ചസംഗീതസംവിധായകനുള്ള 2005 ലെ 'ജീവൻ'അറ്റ്ലസ് അവാർഡ് ലഭിച്ചിട്ടുണ്ട്. കൂടാതെ ഏഷ്യാനെറ്റിൽ സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്ന അമേരിക്കൻ ജാലകം എന്ന് പ്രോഗ്രാമിനുവേണ്ടി സംഗീതം ചിട്ടപ്പെടുത്തിയിട്ടുണ്ട്.

**എങ്ങനെ?**

കൽക്കട്ടയിലെ എന്റെ ജീവിതം പച്ചപിടിച്ചുവരുന്ന സമയമായിരുന്നു അത്. ഞാനും ബംഗാളി ചിത്രകാരിയായ എന്റെ കൂട്ടുകാരിയും ഒരുമിച്ച് ജീവിക്കാൻ തുടങ്ങിയിട്ട് ഉണ്ടായിരുന്നുള്ളു. നാടക പ്രവർത്തനവും കച്ചേരികളും മറ്റുമായി മനസ്സിനിണങ്ങിയ ജീവിതം. അപ്പോഴാണ് ജീവൻ മശായ് എന്ന ചിത്രത്തിന്റെ സംഗീതസംവിധാനം ചെയ്യാൻ വേണ്ടി എന്നെ കേരളത്തിലേക്ക് വിളിക്കുന്നത്. ഏറിയാൽ ഒരാഴ്ച ,പെട്ടെന്നുവരാം നീയും വന്നോളു എന്ന് ഞാനെന്റെ കൂട്ടുകാരിയോട് പറഞ്ഞു. നീ പെട്ടെന്ന് വന്നാൽ മതി എന്നുപറഞ്ഞ് അവൾ വന്നില്ല. സിനിമയുടെ പണിയെല്ലാം തീർത്ത് മടങ്ങാനിരിക്കേ എനിക്ക് ബൈക്ക് ആക്സിഡന്റിൽ ഗുരുതരമായി പരിക്കുപറ്റി. ഒരാഴ്ചയോളം ബോധമില്ല. എന്റെ വിവരമൊന്നും കിട്ടാതെ കൽക്കട്ടയിലുള്ള എന്റെ ഒരുമലയാളി സുഹൃത്തിനോട് അന്വേഷിച്ചപ്പോൾ 'അവൻമുങ്ങിക്കാണും' എന്നമറുപടിയാണത്രെ കിട്ടിയത്. ഒരുമാസത്തിനു ശേഷമാണ് അവളെ വിളിക്കാനെനിക്ക് കഴിഞ്ഞത്. ഞാനവളെപറ്റിക്കുകയായിരുന്നു എന്നാണ് അവൾ ധരിച്ചത്. അസുഖം ഭേദമായി ഞാൻ കൽക്കട്ടയിൽ തിരിച്ചെത്തിയപ്പോഴേക്കും അവൾ മറ്റൊരാൾക്കൊപ്പം താമസം തുടങ്ങിയിരുന്നു. മുമ്പ് പറഞ്ഞ മലയാളി സുഹൃത്തിനൊപ്പം. അപകടത്തിനുശേഷം എന്റെ ആരോഗ്യം തൃപ്തികരമായിരുന്നില്ല. കുറച്ചുനേരം നിൽക്കാനോ നടക്കാനോ കഴിയാത്ത അവസ്ഥ. പരസഹായമില്ലാതെ ജോലികൾ ഒന്നും



സലീൽ ഭട്ട്, വിശ്വമോഹൻ ഭട്ട്, രാംകുമാർ മിശ്ര

**ഈറം എന്ന ചിത്രത്തിൽ ആത്മാക്കളുമായി സംസാരിക്കുന്ന ഒരു 'മീഡിയ' ത്തിന്റെ റോൾ ചെയ്തു. ഇപ്പോൾ തെലുങ്കിൽ ജൂനിയർ എൻ ടി ആറിനൊപ്പം വില്ലൻ വേഷത്തിൽ അഭിനയിക്കുന്നു. തമിഴിൽ വസന്ത്ബാലന്റെ പുതിയ ചിത്രത്തിലേക്ക്ഒരുഓഫർ വന്നിട്ടുണ്ട്**

ചെയ്യാൻ വയ്യ. മാനസികമായും വളരെ തകർന്നുപോയിരുന്നു. അങ്ങനെ 15 വർഷത്തെ കൽക്കട്ടജീവിതം മതിയാക്കി ഞാൻ ചെന്നൈയിൽ വന്നു. ഇവിടെ ശ്രീലങ്കൻ തമിഴ് പ്രശ്നത്തെ പറ്റി നാടകം ചെയ്തു. മധുരയിലെ നാടകസംഘങ്ങളുമായിചേർന്ന് നാടകങ്ങളും മോഹനവീണ കച്ചേരികളും ഒക്കെയായി ജീവിതം സാധാരണ നിലയിലേക്ക് മടങ്ങി വന്നു. നെറ്റിലൂടെ പരിചയപ്പെട്ട ജെസ്സിയെ വിവാഹം കഴിക്കാൻ പറഞ്ഞതും ഗുരുജിതന്നെയായിരുന്നു. എന്നെപ്പറ്റി മനസ്സിലാക്കിയ അവൾ ഗുരുജിയുമായി ഫോണിൽ സംസാരിച്ചു. പിന്നീട് അദ്ദേഹം എന്നെ വിളിച്ച് " നിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ ഒരുകൂട്ട് അത്യവശ്യമാണ്. എല്ലാം അറിയുന്ന ജെസ്സി നിനക്കൊരുനല്ല തുണയായിരിക്കും നീ അവളെ വിവാഹം കഴിക്കണം" എന്ന് പറഞ്ഞു.അങ്ങനെയാണ്. ഞങ്ങൾ വിവാഹിതരായത്. ഞാൻ അങ്ങുമിങ്ങും അലയരുതെന്ന് കരുതി അവൾ വീട്ടിനുള്ളിൽ തന്നെ ഒരുസ്റ്റുഡിയോ ഒരുക്കി തന്നു. ഇപ്പോൾ എന്റെ ലോകം ഇതാണ്.

**പുതിയ പ്രവർത്തനങ്ങൾ?**

പുതിയ ഒരുഗിത്താർ ഉണ്ടാക്കുന്നതിരക്കിലാണ് ഞാൻ.പോളി സ്ട്രിംഗ് ഗിറ്റാർ (ബഹു തന്ത്രി വീണ). മൂന്ന് കഴുത്തുകളുള്ള ഈ ഗിറ്റാറിന് 33 തന്ത്രികളാണുള്ളത്. ഇത് ഇലക്ട്രിക് ഗിറ്റാർ ആണ്. റെക്കോർഡ് ചെയ്യാനുള്ള സംവിധാനവും ഇതിലുണ്ട്. ഏകദേശം ഒരുലക്ഷം രൂപയാണിതിന്റെ മൊത്തം ചെലവ്. ഗിറ്റാറിന്റെ പണി പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. ഒരുഅമേരിക്കൻ കമ്പനിഇത്വാങ്ങാൻതയ്യാറായിട്ടുണ്ട്. ഇതിന്റെ ഉദ്ഘാടനം ഇതുവരെ നടന്നിട്ടില്ല. വേറെയും ചില സംഗീതോപകരണങ്ങളുടെ രൂപകൽപന മനസ്സിൽ ചെയ്തിട്ടുണ്ട്. പിന്നെ ഇപ്പോൾ ദൂരദർശൻ തമിഴ് ചാനലിൽ 'സുഖമാന രാഗങ്ങൾ' എന്ന പേരിൽ മോഹനവീണ കച്ചേരി നടത്തുന്നുണ്ട്.

**നാടകപ്രവർത്തനവും മറ്റും ഉണ്ടല്ലോ?**

സോളോ നാടകങ്ങളാണ് ഞാൻ ചെയ്യുന്നത്.ഗോർക്കിയുടെ നോവലിനെ ആസ്പദമാക്കി ഒരുനാടകം അവതരിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് ഞാൻ. ശ്രീലങ്കൻ തമിഴ് പ്രശ്നത്തെ മുൻനിർത്തി നാടകം ചെയ്തതിന് ഞാൻ അറസ്റ്റിലായി .കോടതിയിൽ ഹാജരാക്കിയ എന്നോട് ജഡ്ജി "ഒരുമലയാളിയായ നിങ്ങളാണോ തമിഴന്റെ പ്രശ്നത്തിൽ ഇടപെടുന്നത്" എന്ന് "നിങ്ങൾ ഒരുതമിഴനായിരുന്നിട്ടും തമിഴന് ആപ്പ് വെക്കുന്നത് ശരിയാണോ" എന്ന് ഞാൻ തിരിച്ച് ചോദിച്ചു. ഞാനൊരുആർട്ടിസ്റ്റാണ് ആക്ടിവിസ്റ്റാണ്, ശബ്ദം നിഷേധിക്കപ്പെട്ടവർക്കുവേണ്ടി ഞാൻ ശബ്ദിക്കും. എന്നെ ഒരാഴ്ച ജയിലിലിട്ടു. പിന്നെ പത്രങ്ങളിലൊക്കെ വാർത്തവന്നുതുടങ്ങിയപ്പോൾ വിട്ടു.

**കേരളത്തിൽ കച്ചേരികൾ നടത്താറില്ലേ?**

ഇതുവരെ നടത്തിയിട്ടില്ല. പല സംഘടനകളും കച്ചേരി അവതരിപ്പിക്കാൻ എന്നെ ക്ഷണിക്കാറുണ്ട്. കേരളത്തിൽ വന്ന് പരിപാടി അവതരിപ്പിക്കാൻ എനിക്ക് മാനസികമായി ചില തയ്യാറെടുപ്പുകൾ എല്ലാം ആവശ്യമാണ്. സ്വന്തം മണ്ണിൽ നിന്നും ഒട്ടേറെ അപമാനങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട് എനിക്ക്. അതൊന്നും എനിക്ക് പ്രശ്നമല്ല. പക്ഷെ മലയളികളുടെ ഹിപ്പോക്രസി ,അത് അസഹ്യമാണ്. പിന്നെ ഒരിക്കലും ഒരാളുടെ കഴിവ് അംഗീകരിക്കാൻ മലയാളി തയ്യാറാവില്ല, സ്വമനസ്സാലെ. ആരെങ്കിലും ഒക്കെ പൊക്കിയാൽ പിന്നെ അങ്ങോട്ട് ഏറ്റുപിടിച്ചോളും.ദേവരാജൻ മാസ്റ്ററുടെ അസിസ്റ്റന്റായിരുന്ന സമയത്തൊരിക്കൽ അദ്ദേഹം "പോളി നീ നിന്റെ പേര് മാറ്റിയാൽ നിനക്ക് അവസരങ്ങൾ വരും. പോളി എന്ന് പറഞ്ഞാൽ തമിഴിൽ കാപട്യമുള്ളത് എന്നാണർത്ഥം. സിനിമക്കാർക്ക് ഇത്തരം വിശ്വാസങ്ങളെല്ലാം അധികമാണ്." എന്നദ്ദേഹം പറഞ്ഞു. " അതിന്റെ ഒന്നും ആവശ്യമില്ല സാർ, ഇതുപോലെ എന്നെ അംഗീകരിക്കാൻ തയ്യാറുണ്ടെങ്കിൽ മതി" എന്ന് പറഞ്ഞു ഞാൻ.

**കുടുംബം?**

അച്ഛൻ വർഗീസ് മേപ്പയിൽ, മനോരമയിൽ ന്യൂസ് എഡിറ്ററായിരുന്നു. തൊഴിലാളി പാർട്ടിയുടെ സ്ഥാപകരിലൊരാൾ. അമ്മ, നാല് സഹോദരങ്ങൾ. സംവിധായകൻ ലാൽ ജോസ് ചിറ്റപ്പന്റെ മകനാണ്. ■

